**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3954** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിലെ പദ്ധതികളുടെ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.വി.സുമേഷ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിൽ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വകുപ്പുമന്ത്രിയും മത്സ്യത്തൊഴിലാളി സംഘടനാനേതാക്കളുമായും ചർച്ചകൾ നടത്തിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ചർച്ച നടത്തിയിരുന്നു. മത്സ്യമേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.06.2021 ന് മത്സ്യത്തൊഴിലാളി സംഘടന നേതാക്കളുമായി ഒരു ഓൺലൈൻ മീറ്റിംഗ് കൂടിയിരുന്നു. ടി മീറ്റിംഗിൽ പ്രധാനപ്പെട്ട എല്ലാ മത്സ്യ ത്തൊഴിലാളി സംഘടന നേതാക്കളും പങ്കെടുത്തിരുന്നു. യോഗത്തിൽ എടുത്ത പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. 1) സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് ആവശ്യമായ തുക അടിയന്തിരമായി അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് വീണ്ടും കത്തയക്കു ന്നതാണ്. 2) പ്രാദേശിക തലത്തിൽ മത്സ്യ ത്തൊഴിലാളികളുടെ കൂടി പങ്കാളിത്തമുള്ള ജനകീയ കമ്മിറ്റികൾ രൂപീകരിക്കാനും ആയതിലൂടെ പദ്ധതി പ്രവർത്ത നങ്ങൾ മത്സ്യത്തൊഴിലാളി സമൂഹത്തിന് പ്രയോജനകരമായി നടപ്പാക്കാനും തീരുമാനിച്ചു. 3) എല്ലാ മത്സ്യത്തൊഴിലാളി കളെയും തീരദേശം, ഉൾനാടൻ എന്ന വേർതിരിവില്ലാതെ കാണാനും തുടർ പദ്ധതികൾ അതിൻപ്രകാരം ആവിഷ്കരിക്കാനും തീരുമാനിച്ചു. 4) എല്ലാ പരമ്പരാഗത മത്സ്യ ത്തൊഴിലാളികളുടെയും എഞ്ചിനും യാനങ്ങളും രജിസ്റ്റർ ചെയ്യുവാനും ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരാനും തീരുമാനിച്ചു. 5) മത്സ്യവിപണനത്തിന് പോകുന്ന സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി മുഖേന യാത്രാസൗകര്യം സൗജന്യമായി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആഗസ്റ്റ് മാസം തുടക്കം കുറിക്കും. 6) മത്സ്യബോർഡിൽ അംഗത്വം ഉള്ളതും എന്നാൽ FIMS ൽ (Data Base) ഉൾപ്പെടാത്തവർക്ക് പേര് ഉൾപ്പെടുത്താൻ ജൂലൈ |

| | | | |
|---|---|---|---|
| | | | 15 വരെ സമയം ദീർഘിപ്പിച്ചു നൽകി. ആവശ്യമെങ്കിൽ മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഹെൽപ് ഡെസ്കുകൾ തുറക്കുന്നതിനും തീരുമാനിച്ചു. ഇതിന് ട്രേഡ് യൂണിയൻ ആവശ്യമായ പ്രചരണം നൽകണം. 7) 25 രൂപയ്ക്ക് മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ അനുവദിക്കുമെന്ന നിർദ്ദേശം നടപ്പാക്കുന്നതാണ്. 8) വിവിധ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളെ കുറിച്ചും കടൽ സുരക്ഷയെ കുറിച്ചും മത്സ്യത്തൊഴിലാളി മേഖലകളിൽ ബോധവൽക്കരണം സംഘടിപ്പിക്കും. 9) കമ്മിറ്റികളിൽ മത്സ്യത്തൊഴിലാളി പ്രാതിനിധ്യം ഉറപ്പാക്കുന്നതാണ്. 10) സഹകരണ മേഖലയെ ശക്തിപ്പെടുത്തി മത്സ്യത്തൊഴിലാളി കൾക്ക് ആവശ്യമായ പരിശീലനം നൽകി ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കും. 11) മത്സ്യത്തൊഴിലാളികൾക്ക് വായ്പാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നിലവിലെ ക്ഷേമ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുനരാവിഷ്കരിക്കാൻ പഠനം നടത്തും. 12) മത്സ്യത്തിന്റെ ആദ്യ വിൽപനാവകാശവും കടലിലേക്കുള്ള പ്രവേശനാവകാശവും തീരത്ത് അധിവസിക്കാനുള്ള അവകാശവും സംരക്ഷിക്കുന്നതിന് നിയമ നിർമ്മാണം നടപ്പാക്കും. |
| (ബി) | കേന്ദ്രസർക്കാർ മണ്ണെണ്ണയ്ക്ക് അനുദിനം വിലവർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ന്യായവിലയിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ സിവിൽ സപ്ലൈസ് വഴി നൽകിവരുന്ന നോൺ സബ്സിഡി PDS മണ്ണെണ്ണക്ക് പുറമെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ മത്സ്യഫെഡ് വഴി വിതരണം ചെയ്യുകയും ആയതിന് ലിറ്ററിന് 25 രൂപ സബ്സിഡി മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കാലതാമസം ഇല്ലാതെ DBT ആയി നൽകുകയും ചെയ്തുവരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ 56.25 കോടി രൂപ ടി പദ്ധതിക്കായി വകയിരുത്തിയതിൽ 37.740 കോടി രൂപ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി ആയി നൽകിയിട്ടുണ്ട് 2021-22 വർഷം ബഡ്ജറ്റിൽ 56.25 കോടി രൂപ മണ്ണെണ്ണ സബ്സിഡിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. മെയ് മാസം വരെയുള്ള സബ്സിഡി നൽകുകയും ഈ വർഷം 4.23 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യത്തിന് മണ്ണെണ്ണ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് 2016, 2017 വർഷങ്ങളിൽ മുൻ സർക്കാർ കേന്ദ്ര പെട്രോളിയം മന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. അതനുസരിച്ചാണ് 2018 മുതൽ ഫിഷറീസ് ആവശ്യങ്ങൾക്ക് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കുള്ള Non Subsidised PDS മണ്ണെണ്ണ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന് അനുവദിക്കുകയുണ്ടായിട്ടുള്ളത്. നിലവിൽ സിവിൽ സപ്ലൈസ് മുഖേനയാണ് ടി മണ്ണെണ്ണ നൽകി വരുന്നത്. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമുള്ളത്രയും അളവിൽ നോൺ സബ്സിഡി PDS മണ്ണെണ്ണ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |
| (സി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിൽ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിലടക്കം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ പരിശോധിക്കാനും മത്സ്യ മേഖലയ്ക്ക് അനുസൃതമായവ പ്ലാനിൽ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് സമർപ്പിക്കാനുമായി Dr. K. V. Thomas, Chief Scientist and head, coastal Process division (Rtd) NCESS ചെയർമാനായ 10 അംഗങ്ങളുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ